

# 2012 ലെ നക്ഷത്രഫലം

സമ്പാദകൻ: ജോയിക്കുട്ടി, ഡിട്രോയിറ്റ്

## അശ്വതി

ഈ നക്ഷത്രക്കാർക്ക് വർഷാരംഭത്തിൽ സ്വല്പം പ്രയാസങ്ങൾ നേരിടാമെങ്കിലും ഏപ്രിൽ മാസത്തിനു ശേഷം അനുകൂല സമയമാണ്. അവസരങ്ങൾ വിനിയോഗിക്കുവാൻ പരിശ്രമം വേണ്ടി വരും. അനാരോഗ്യത്താലും ഭക്ഷണക്രമീകരണങ്ങളിലുള്ള അപാകതകളാലും പലപ്പോഴും അവധിയെടുക്കും. ധനാഢ്യനാണെന്നു തോന്നുന്ന വിധം സാഹചര്യങ്ങൾ വന്നു ചേരാമെങ്കിലും സാമ്പത്തിക സ്ഥിതി വിശേഷങ്ങൾക്ക് വിപരീതഫലം അനുഭവപ്പെടും. രക്തക്കുറവിനാൽ വിളർച്ച് അനുഭവപ്പെടും. പ്രകൃതിജീവന ഔഷധരീതിയും പ്രാണയാമവും ശീലിക്കുന്നതിനാൽ ശാരീരിക മാനസീക ഉന്മേഷം ഏറെക്കുറെ ഉണ്ടാകും. സ്വന്തം കഴിവുകേടുകളെ മനസ്സിലാക്കി പ്രവർത്തിക്കുന്നതിനാൽ അബദ്ധങ്ങളെ അതിജീവിക്കുവാൻ സാധിക്കും. പുണ്യതീർത്ഥ-ദേവാലയ-വിനോദ ഉല്ലാസയാത്രയ്ക്കു് അവസരമുണ്ടാകും. പാരമ്പര്യ വിജ്ഞാനം പിൻതലമുറയിലുള്ളവർക്ക് പകർന്ന് കൊടുക്കുന്നതിൽ ആത്മസംതൃപ്തിയുണ്ടാകും. പണം കടം കൊടുക്കുന്നതും ജാമ്യം നിൽക്കുന്നതും സ്വന്തം ചുമതലകൾ അന്യരെ ഏല്പിക്കുന്നതും ഈ വർഷം പാടില്ല. ചിന്തിക്കുന്നതും പ്രവർത്തിക്കുന്നതുമായ കാര്യങ്ങൾ മറ്റുള്ളവർക്ക് ഉപകാരപ്രദമാകും. ഉത്തരവാദിത്വമില്ലാത്ത ഉദ്യോഗസ്ഥരെ പിരിച്ചു വിടും. വിദേശ ഉദ്യോഗം ഉപേക്ഷിച്ച് ജന്മനാട്ടിൽ സ്വന്തമായ പ്രവർത്തിയിൽഏർപ്പെടും. വാഗ്വാവാദങ്ങളിൽ നിന്നുംഒഴിഞ്ഞു മാറുകയാണ് നല്ലത്. സുപരിചിത മേഖലയാണെങ്കിലും പണം മുടക്കുന്നതിന് മുമ്പ് പുനരാലോചനയും വിദഗ്ദ്ധ നിർദ്ദേശവും വേണം. ഔദ്യോഗികമായും തൊഴിൽ മേഖലകളോട് ബന്ധപ്പെട്ടും ഉപകാരം ചെയ്തു കൊടുത്തവരിൽ നിന്നും വിപരീത പ്രതികരണങ്ങളുണ്ടാകും. വർഷങ്ങൾക്കു മുമ്പ് വാങ്ങിയ ഭൂമിയിൽ ഗൃഹനിർമ്മാണം തുടങ്ങും. നിലനിൽപിനാധാരമായ ഉദ്യോഗം ലഭിക്കും.

## ഭരണി

2012 പൊതുവേ ഗുണമാണെങ്കിലും ആദ്യത്തെ നാലു മാസം സ്വല്പം പ്രയാസങ്ങളുണ്ടാകും. വിദഗ്ധ നിർദ്ദേശം തേടി സുവ്യക്തമായ കർമ്മപദ്ധതി തുടങ്ങും. ഭയഭക്തി ബഹുമാനത്തോടുകൂടി ചെയ്യുന്നതെല്ലാം വിജയിക്കും. അപര്യാപ്തതകൾ മനസ്സിലാക്കി പ്രവർത്തിക്കുന്നതിനാൽ അബദ്ധങ്ങൾ ഒഴിവാകും. നിലനില്പിനാധാരമായ ഉദ്യോഗം ലഭിക്കും. വ്യവസായ വ്യാപാരങ്ങൾ വിപുലമാക്കുവാൻ ഉദ്യോഗസ്ഥരെ നിയമിക്കും. മേലധികാരിയുടെ പ്രതിനിധിയായി പ്രവർത്തിക്കേണ്ടി വരും. പൂർവ്വികസ്വത്തിൽ ഗൃഹനിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങും. ഉന്നതരുമായുള്ള ആത്മബന്ധത്തിൽ പുതിയ തൊഴിൽ അവസരം വന്നുചേരും. നിസ്വാർത്ഥസേവനത്താൽ പ്രകീർത്തിയും ആദരവും വർദ്ധിക്കും. ആസൂത്രിത പദ്ധതിയാൽപോലും അകാരണ തടസ്സങ്ങൾ അനുഭവപ്പെടും. വസ്തുനിഷ്ഠമായി പഠിച്ചു ചെയ്യുന്ന വ്യാപാരത്തിനു ക്രമാനുഗതമായ വളർച്ച് അനുഭവപ്പെടും. ഈശ്വരപ്രാർത്ഥനകളാലും വിദഗ്ദ ചികിത്സകളാലും സന്താനഭാഗ്യമുണ്ടാകും. മുൻകോപം നിയന്ത്രിക്കണം. ജാമ്യം നിൽക്കരുത്. പണം കടം കൊടുക്കരുത്. പരദ്രവ്യാസക്തി അബദ്ധങ്ങൾക്ക് വഴിയൊരുക്കും. അനാസ്ഥയുള്ള കീഴ്ജീവനക്കാരുടെ പേരിൽ നിയമ നടപടികൾ സ്വീകരിക്കും. തൊഴിൽ മേഖലകളിൽ സമ്മർദ്ദം വർദ്ധിക്കും. സാഹചര്യങ്ങൾക്കനുസ്സരിച്ച് ക്ഷമിക്കുവാനും സഹിക്കുവാനും തയ്യാറാകും. പകർച്ച്വ്യാധിപിടിപെടും. അറിവുള്ള കാര്യങ്ങൾ പലപ്പോഴും അവതരിപ്പിക്കുവാൻ സാധിക്കാതെ വരും. അധിക സംസാരം അബദ്ധങ്ങൾക്കു വഴിയൊരുക്കും. വർഷങ്ങൾക്കുശേഷം സഹപാഠികളെ കാണുവാനും ഗതകാലസ്മരണകൾ പങ്കുവെയ്ക്കാനും അവസരമുണ്ടാകും. അതുല്യപ്രതിഭകളുടെ ആശയങ്ങൾ ജീവിതത്തിൽ പകർത്തുവാൻ തയ്യാറാകും. ബന്ധുക്കളുടെ സമീപനത്തിൽ അസംതൃപ്തി തോന്നുമെങ്കിലും പ്രതികരിക്കാതിരിക്കുകയാണ് നല്ലത്. അവഗണനകളെ അതിജീവിക്കാനുള്ള ആത്മവിശ്വാസം ആർജ്ജിക്കും. പൂർവ്വിക സ്വത്ത് ലഭിക്കും.

## കാർത്തിക

ഈ നക്ഷത്രക്കാർക്ക് 2012 ഗുണദോഷ സമ്മിശ്രമായ സമയമാണ്. വ്യക്തി താല്പര്യം പരമാവധി പ്രവർത്തനതലത്തിൽ കൊണ്ടുവരുമെങ്കിലും പ്രതീക്ഷിച്ച നേട്ടം തൊഴിൽ മേഖലകളിൽ കുറയും. നിർണായക തീരുമാനങ്ങൾക്ക് വിദഗ്ദരുടെ നിർദ്ദശം തേടുന്നതു ഗുണകരമാകും. സ്ഥാപിത താല്പര്യങ്ങൾ മറന്നു പ്രവർത്തിക്കുന്ന ജോലിക്കാരെ പിരിച്ചു വിടുന്നതു വഴി വിപരീത പ്രതികരണങ്ങൾ വന്നുചേരും. വ്യാപാര-വ്യവസായ-വിപണന മേഖലകളിലുള്ള സാമ്പത്തിക അനിശ്ചതാവസ്ഥകൾ തരണം ചെയ്യുവാൻ ഭൂമി വിൽക്കേണ്ട സാഹചര്യം ഉണ്ടാകും. സന്താനങ്ങൾക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തേണ്ടതായി വരും. ചിരപരിചിതമായകർമ്മ മേഖലകളിൽ പണം മുടക്കുവാനവസരമുണ്ടാകുമെങ്കിലും സംയുക്ത സംരംഭങ്ങളിൽ നിന്നും പിന്മാറുകയാണ് നല്ലത്. ഉദ്യോഗത്തിൽ ഉത്തരവാദിത്വം വർദ്ധിക്കും. വിഷിഷ്ട വ്യക്തികളെ ആദരിക്കുന്ന ചടങ്ങിൽ അനുമോദനം അർപ്പിക്കുവാനവസരമുണ്ടാകും. മാതാപിതാക്കളുടെ ആഗ്രഹത്താൽ പാരമ്പര്യ പ്രവൃത്തികളിൽ വ്യാപൃതരാകും. അപൂർണ്ണമായ പദ്ധതികൾ പരാജയപ്പെടും. സത്യാവസ്ഥ അറിഞ്ഞു പ്രവർത്തിക്കുന്നതിനാൽ മിഥ്യാധാരണകൾ ഒഴിവാകും. അധികാരപരിധി വർദ്ധിക്കുന്നതിനാൽ പലപ്പോഴും കുടുംബങ്ങളുടെ ആവശ്യങ്ങൾ നിവർത്തിക്കുവാൻ സാധിക്കുകയില്ല. പ്രായോഗികവിജ്ഞാനവും സമീപനവും വിപരീത സാഹചര്യങ്ങളെ അതിജീവിക്കുന്നതിന് ഉപകരിക്കും. നിസ്സാരകാര്യങ്ങൾക്കുപോലും അശ്രാന്തപരിശ്രമം വേണ്ടി വരും. സ്വന്തം ഉത്തരവാദിത്വങ്ങൾ അന്യരെ ഏല്പിക്കരുത്. അമിതാഹ്ലാദം, പരിധിയിൽ കവിഞ്ഞ ആത്മവിശ്വാസം തുടങ്ങിയവ അബദ്ധങ്ങൾക്കു വഴിയൊരുക്കും. പ്രലോഭനങ്ങളിൽ അകപ്പെടരുത്. ഗതാഗതനിയമംപാലിക്കാത്തതിനാൽ പിഴഅടയ്ക്കേണ്ടി വരും. അമിതഭക്ഷണത്താൽ മാറാരോഗം പിടിപെടും. കീഴ്ജിവനക്കാരുടെ ജോലി കൂടി ചെയ്തു തീർക്കേണ്ടതായി വരും. പാർശ്വഫലങ്ങളുള്ള ഔഷധങ്ങൾ ഉപേക്ഷിക്കും.

## രോഹിണി

2012 പൊതുവേ ഗുണാധിക്യ വർഷമാണ്. മേലധികാരിയുടേയും സഹപ്രവർത്തകരുടേയും ജോലി കൂടി ചെയ്യേണ്ട സാഹചര്യമുണ്ടാകും. പുതിയ ഭരണ പരിഷ്ക്കാരങ്ങൾ ആവിഷ്ക്കരിക്കുമെങ്കിലും പ്രതീക്ഷിച്ച ഫലം ഉണ്ടാവുകയില്ല. ഉദ്യോഗമുപേക്ഷിച്ച് വ്യാപാര വ്യവസായ മേഖലകളിൽ പ്രവേശിക്കുന്നത് ഈ വർഷം അബദ്ധമാകും. കർമ്മമേഖലകളിൽ കാലോ

ചിതമായ പരിഷ്ക്കാരങ്ങൾ ആവിഷ്ക്കരിക്കുവാൻ തയ്യാറാകും. പ്രയത്നങ്ങൾക്കും പ്രവർത്തനങ്ങൾക്കും അന്തിമനിമിഷത്തിൽ പകുതി ഫലമുണ്ടാകും. ആരോഗ്യ സംരക്ഷണത്തിന്റെ ഭാഗമായി പ്രകൃതി ജീവന ഔഷധരീതി അവലംബിക്കും. അതിശയോക്തി കലർന്ന സംസാരരീതി അബദ്ധങ്ങൾക്കു വഴിയൊരുക്കും. അറിയാവുന്ന കാര്യങ്ങളാണെങ്കിലും അവതരിപ്പിക്കാനുള്ള അവസരങ്ങൾ കുറയും. പ്രത്യേക ഈശ്വര പ്രാർത്ഥനകളാൽ മാർഗ്ഗതടസങ്ങൾ നീങ്ങും. സന്താനങ്ങളുടെ പലവിധആവശ്യങ്ങൾക്കായി തൊഴിൽക്രമീകരണം, രാഷ്ട്രം മാറി ഉദ്യോഗന്വേഷണം. വ്യാപാരം ഉപേക്ഷിക്കുക, സംയുക്തസംരംഭങ്ങളിൽ നിന്നും പിന്മാറുക തുടങ്ങിയവയിൽ ഏതെങ്കിലും സ്വീകരിക്കേണ്ടതായി വരും. ന്യായമായ ആവശ്യങ്ങൾ പരിഗണിക്കപ്പെടും. നഷ്ടസാധ്യതകളെ വിലയിരുത്തി വ്യവസായം നിർത്തലാക്കുവാൻ തയ്യാറാകും. ഏറെക്കുറെ പൂർത്തിയാക്കിയ ഗൃഹം താരതമ്യേന കുറഞ്ഞ വിലയ്ക്ക് വാങ്ങുവാൻ സാധിക്കും. ചെലവുകൾക്ക് കടംവാങ്ങേണ്ടതായ സാഹചര്യമുണ്ടാകും. മിഥ്യാധാരണകൾ അബദ്ധങ്ങൾക്കു വഴിയൊരുക്കും. ദുരാചാരങ്ങളിൽ നിന്ന് ഒഴിഞ്ഞു മാറണം. അസ്ഥി-ശിരോ-നാഡി രോഗങ്ങൾക്ക് വിദഗ്ധ ചികിത്സയും ശസ്ത്രക്രിയയും വേണ്ടി വരും. പകർച്ചവ്യാധി പിടിപെടും. ആർഭാടങ്ങൾ നിയന്ത്രിക്കും. ചർച്ചകളിൽ മാന്യവും യുക്തവുമായ നിലപാട് സ്വീകരിക്കുന്നത് ഗുണകരമാകും. ആധ്യാത്മീക ആത്മീയ ചിന്തകൾ ദുരാഗ്രഹങ്ങളെ അതിജീവിക്കുന്നതിന് വഴിയൊരുക്കും. അഗ്നി, ആയുധം, ധനം, വാഹനം കൈകാര്യം ചെയ്യുന്നതിൽ ശ്രദ്ധവേണം.

## മകയിരം

2012 ഈ നക്ഷത്രക്കാർക്ക് ഗുണകരമാണ്. സമത്വഭാവന സർവ്വാദരങ്ങൾക്കും സൽക്കീർത്തിക്കും സജ്ജനപ്രീതിക്കും വഴിയൊരുക്കും. ആവശ്യങ്ങളും ആഗ്രഹങ്ങളുംഏറെകുറെ അനുഭവത്തിൽ വന്നു ചേരും. ജീവിതത്തിൽ വഴിത്തിരിവുണ്ടാകുന്ന പല സാഹചര്യങ്ങളുമുണ്ടാകും. വിവിധ കർമ്മമേഖലകൾക്ക് രൂപകല്പന ചെയ്യും. പരീക്ഷിണ നിരീക്ഷണങ്ങളിലും കലാകായിക മത്സരരംഗങ്ങളിലും അനുകൂല വിജയവും പ്രോത്സാഹനസമ്മാനവും ലഭിക്കും. സഹവർത്തിത ഗുണത്താൽ സദ്ചിന്തകൾ വർദ്ധിക്കും. നിബന്ധനിയന്ത്രണത്താൽ സാമ്പത്തികസ്ഥിതി മെച്ചപ്പെടും. ഉദ്യോഗത്തിൽ സ്ഥാനക്കയറ്റവും ജന്മനാട്ടിലേക്ക് സ്ഥാനമാറ്റവും ഉണ്ടാകും. ആഗ്രഹിച്ചപോലെ വിവാഹവും സന്താനഭാഗ്യവും ഉണ്ടാകും. പുത്രപൗത്രാദികളോടൊപ്പം മാസങ്ങളോളം വിദേശത്ത് താമസിക്കാനവസരമുണ്ടാകും. വേണ്ടപ്പെട്ടവർക്ക് ആത്മാർത്ഥമായ് പ്രവർത്തിക്കുന്നതിനാൽ അനുമോദനങ്ങൾ വന്നു ചേരും. സുപരിചിതമായ തൊഴിൽമേഖലകളിൽ പണം മുടക്കും. മൂന്നു വർഷമായി ആഗ്രഹിക്കുന്ന ഭൂമി വില്പന സഫലമാകും. ഉത്സാഹവും ഉന്മേഷവും കാര്യനിർവ്വഹണശക്തിയും വർദ്ധിക്കും. സ്വപ്നസാക്ഷാൽക്കാരത്താൽ ആത്മനിർവൃതിയുണ്ടാകും. ഗഹനമായ വിഷയങ്ങൾ ലളിതമായ രീതിയിൽ അവതരിപ്പിക്കുവാൻ സാധിക്കും. വിതരണന-വിപണന വ്യവസായ മേഖലകളിൽ പുരോഗതിയുണ്ടാകും. അർത്ഥശൂന്യമായ ആശയങ്ങളെ അതിജീവിക്കുവാൻ ആധ്യാത്മിക ആത്മീയ പ്രഭാഷണങ്ങൾ ഉപകരിക്കും. പ്രതീക്ഷിച്ചതിലുപരി ചെലവു വന്നുചേരാമെങ്കിലും ഗൃഹനിർമ്മാണം പൂർത്തീകരിച്ച് 2012 മെയ് മുതൽ ഗൃഹപ്രവേശന കർമ്മം നിർവ്വഹിക്കും. പാരമ്പര്യവിജ്ഞാനംആർജ്ജിക്കുവാനും പിൻ തലമുറയിലുള്ളവർക്ക് പകർന്നു കൊടുക്കുവാനും അവസരമുണ്ടാകും. പുതിയ തലമുറയിലുള്ളവരുടെ അനൈക്യം മൂലം മാറി താമസിക്കും. തോഴിൽ മേഖലകളിൽ അവസ്മരണീയമായ നേട്ടങ്ങളുണ്ടാകും.

## തിരുവാതിര

2012 വർഷം ഗുണാധിക്യമാണെങ്കിലും മനസ്സുഖം കുറയുന്നതാണ്. ഉദ്യോഗത്തിൽ സ്ഥാനക്കയറ്റം തൊഴിൽമേഖലകളിൽ അഭ്യുന്നതി വ്യാപാര വ്യവസായമേഖലകളിൽ പുരോഗതി തുടങ്ങിയവയും സാമ്പത്തികമായി പ്രതീക്ഷിച്ചതിലുപരി നീക്കിയിരിപ്പും ഉണ്ടാകും. വിവിധങ്ങളും വ്യത്യസ്തങ്ങളുമായ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനാൽ സൽക്കീർത്തിയും സജ്ജനപ്രീതിയും ആത്മസാക്ഷാത്ക്കാരവും ഉണ്ടാകും. അവസരങ്ങൾ പരമാവധി പ്രയോജനപ്പെടുത്തും. അർഹമായ പൂർവ്വിക സ്വത്ത് ലഭിക്കുവാനും ഗൃഹനിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങുവാനും സാധ്യതയുണ്ട്. നിശ്ചയദാർഢ്യത്തോടുകൂടിയ ആശയങ്ങൾ സഫലമാകും. ഗുരു കാരണവന്മാരുടെ അനുഗ്രഹാശിസ്സുകളോടുകൂടി ചെയ്യുന്നതെല്ലാം വിജയിക്കും. പുതിയ സ്നേഹബന്ധം ഉടലെടുക്കും. കടംകൊടുത്ത സംഖ്യ തിരിച്ചു ലഭിക്കും. വിജ്ഞാനം ആർജ്ജിക്കുവാനും മറ്റുള്ളവർക്ക് പകർന്നു കൊടുക്കുവാനും അവസരമുണ്ടാകും. മറ്റുള്ളവരുടെ വിഷമാവസ്ഥകൾ പരിഹരിക്കുന്നതിൽ ആത്മാഭിമാനം ഉണ്ടാകും. ബൃഹത്സംരംഭങ്ങൾക്ക് രൂപകല്പന ചെയ്യും. വിദേശത്ത് സ്ഥിരതാമസമാക്കാനുള്ള അനുമതി ലഭിക്കും. വിഭ്രാന്തിയുള്ളവർക്ക് സാന്ത്വനവും സമാധാനവും നൽകാൻ സാധിക്കുന്നതിൽ ആത്മസംതൃപ്തിയുണ്ടാകും. പാരമ്പര്യ വിജ്ഞാനം പിൻതലമുറയിലുള്ളവർക്ക് പകർന്നുകൊടുക്കാനിടവരും ഉപരിപഠനത്തിനു ചേരും. മറന്നുകിടപ്പുള്ള പല കാര്യങ്ങളും ഓർമ്മിച്ചു പ്രവർത്തിക്കുന്നതിനാൽ ആശ്വാസമുണ്ടാകും. ഏറ്റെടു ത്ത ദൗത്യം ലക്ഷ്യപ്രാപ്തിയിലെത്തുവാൻ സാധിക്കും. പരീക്ഷ ഇന്റർവ്യൂ, ചർച്ചകൾ സന്ധിസംഭാഷണം, കലാകായിക മത്സരങ്ങൾ തുടങ്ങിയവയിൽ വിജയിക്കും. സഹപ്രവർത്തകരുടെ സഹായമുണ്ടാകും. ആരോഗ്യം തൃപ്തികരമായിരിക്കുമെങ്കിലും ഭക്ഷണക്രമീകരണങ്ങളിൽ അപാകതകളുണ്ടാകാതെ സൂക്ഷിക്കണം.

## പുണർതം

2012 പൊതുവേ ഗുണമാണ്. വിഭാവനം ചെയ്ത പദ്ധതികളും ആശയങ്ങളും അനുഭവത്തിൽ വന്നു ചേരും. ആത്മവിശ്വാസം വർദ്ധിക്കും. പ്രവർത്തനങ്ങൾക്ക് പൂർണ്ണമായ സാമ്പത്തികനേട്ടവും ഉണ്ടാകും. പദ്ധതി ആസൂത്രണത്തിൽ വിജയിക്കും. വ്യക്തി സ്വാതന്ത്ര്യം പരമാവധി പ്രയോജനപ്പെടുത്തുന്നതിനാൽ തൊഴിൽ മേഖലകളിൽ പുരോഗതി കൈവരും. ശുഭാപ്തിവിശ്വാസത്താൽ ഏറ്റെടുക്കുന്ന കാര്യങ്ങൾ വിജയംനേടും. സുരക്ഷിതമായ സംയുക്തസംരംഭങ്ങളിൽ പങ്കുചേരും. അനുഭവജ്ഞാനത്താൽ പ്രവർത്തനശൈലിയിൽ മാറ്റം വരും. അനൗദ്യോഗികമായും സാമ്പത്തിക വരുമാനം വർദ്ധിക്കും. ഭക്തിനിർഭരമായ കുടുംബാന്തരീക്ഷം ആശ്വാസമേകും. സന്താനങ്ങളുടെ പലവിധമായ ആവശ്യങ്ങൾക്കായി പലപ്പോഴും അവധി വേണ്ടി വരും. പരമ്പരാഗത-പാരമ്പര്യ പ്രവർത്തനങ്ങളുടെ പ്രാധാന്യം മനസ്സിലാക്കി പ്രവർത്തിക്കുന്നത് സൽക്കീർത്തിക്ക് വഴിയൊരുക്കും. അധികാരപരിധി വർദ്ധിക്കുന്നതിനാൽ കീഴ്ജീവനക്കാരെ നിയമിക്കും. നാഡി-പ്രമേഹ-ഉദരരോഗങ്ങൾക്ക് ആയുർവേദ ചികിത്സ തുടങ്ങും. ആസൂത്രിത പദ്ധതികളിൽ അനുകൂല വിജയമുണ്ടാകും. ക്ഷമിക്കുവാനും സഹിക്കുവാനുമുള്ള കഴിവ് സർവ്വാദരങ്ങൾക്കും വഴിയൊരുക്കും. അടിസ്ഥാനരഹിതമായ ആരോപണങ്ങളിൽ നിന്നും കുറ്റവിമുക്തനായാൽ ഉദ്യോഗത്തിൽ പുനർ നിയമനം ഉ

ണ്ടാകും. മംഗളകർമ്മങ്ങളിൽ സജ്ജീവ സാന്നിദ്ധ്യം ഉണ്ടാകും. സമീപവാസികളുടെ ഉപദ്രവത്താൽ മാറിത്താമസിക്കും. നിലവിലുള്ളപാഠപദ്ധതി ഉപേക്ഷിച്ച് മറ്റൊന്നിന് ചേരും. ശാസ്ത്രീയ പ്രായോഗിക വശങ്ങൾ സമന്വയിപ്പിച്ചു ചെയ്യുന്നതെല്ലാം വിജയിക്കും. ഉന്മേഷം, ഉത്സാഹം, കാര്യനിർവ്വഹണശക്തി തുടങ്ങിയവ വർദ്ധിക്കും.

## പൂയം

പൊതുവേ 2012 നല്ല വർഷമാണ്. തറവാടു സംബന്ധമായി പ്രയാസങ്ങളുണ്ടാകും. കർമ്മപരമായി അഭിവൃദ്ധി കാണുന്നുണ്ട്. തൊഴിൽ മേഖലകളിൽ ഉത്തരവാദിത്വവും സമ്മർദ്ദവും വർദ്ധിക്കും മേലധികാരി തുടങ്ങിവെച്ച പ്രവർത്തനങ്ങൾ പിൻതുടരുന്നത് അനുഭവപ്രാപ്തിക്ക് വഴിയൊരുക്കും. വിദേശ ഉദ്യോഗത്തിന് നിയമനാനുമതി ലഭിക്കും. സൗഹൃദസദസ്സിൽ ആദരവും പ്രവർത്തനങ്ങളിൽ വിജയവും ഉണ്ടാകും. ഈശ്വരകാരുണ്യപ്രവർത്തനങ്ങൾക്ക് തയ്യാറാകും. അനുഭവജ്ഞാനത്താൽ പുതിയ ആശയങ്ങൾ ആവിർഭവിക്കും.നയതന്ത്രങ്ങൾആവിഷ്ക്കരിക്കുന്നതിൽ ലക്ഷ്യപ്രാപ്തി നേടും. ഭരണസംവിധാനം വിപുലമാക്കുവാൻ കഴിവുള്ളവരെ നിയമിക്കും. പണി ചെയ്തുവരുന്ന കെട്ടിടം വാങ്ങുവാൻ തയ്യാറാകും. കുടുംബത്തിൽ സമാധാനം ഉണ്ടാകും. അവസരോചിതമായ സമീപനം അനുകൂല സാഹചര്യങ്ങൾക്ക വഴിയൊരുക്കും. അറിവുള്ളതിനേക്കാൾ ഭംഗിയായി അവതരിപ്പിക്കുവാൻ സാധിക്കും. അഹോരാത്രം പ്രയത്നിച്ചാൽ വ്യാപാര വ്യവസായ വിപണന മേഖലകളിൽ പുരോഗതിയുണ്ടാകും. കക്ഷിരാഷ്ട്രീയ പ്രവർത്തനങ്ങൾ ഉപേക്ഷിച്ച് പാരമ്പര്യപ്രവർത്തനങ്ങൾ പിന്തുടരും. വിജ്ഞാനപ്രദമായ ചർച്ചകൾ സർവ്വക്കും സ്വീകാര്യമാകും. ആശയവിനിമയങ്ങളിൽ അനുകൂല സാഹചര്യങ്ങൾ വരും. അപരിചിതരുമായുള്ള ബന്ധത്തിൽ നിന്ന് ഒഴിഞ്ഞു മാറുന്നത് ഗുണപ്രദമാകും. വിദ്യാർത്ഥികൾക്കും ശാസ്ത്രജ്ഞക്കും ഗവേഷകക്കും അനുകൂല സാഹചര്യമുണ്ടാകും. നിരവധി കാര്യങ്ങൾ നിശ്ചിത സമയത്ത് നിഷ്ക്കർഷയോടുകൂടി തീർക്കുവാൻ സാധിക്കും. ഉദ്യോഗത്തോടനുബന്ധമായി ഉപരിപഠനത്തിന് ചേരും. ഭരണസംവിധാനത്തിലുള്ള അപാകതകൾ പരിഹരിക്കുവാൻ വിദഗ്ദ നിർദ്ദേശം തേടും. മിഥ്യാപരിഭ്രമം, ഉത്കണ്ഠ, വിപരീത ചിന്തകൾ തുടങ്ങിയവ ഒഴിവാക്കണം.

## ആയില്യം

ഗുണദോഷസമ്മിശ്രഫലത്തിൽ ഗുണാധ്യക്യമാണ് 2012ൽ. വിദേശയാത്ര സഫലമാകും. വ്യവസ്ഥകൾ പാലിക്കും. പദ്ധതിസമർപ്പണത്തിൽ ലക്ഷ്യപ്രാപ്തി നേടും. സുരക്ഷിതമായ വ്യാപാര-വിപണനകൾക്ക് പണം മുടക്കും. സത്യസന്ധവും നീതിയുക്തവുമായസമീപനം സർവ്വാദരങ്ങൾക്കും വഴിയൊരുക്കും. നിഗമനങ്ങൾ ശരിയായതിനാൽ സാമ്പത്തികവിഭാഗത്തിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കും. വ്യവസ്ഥതകൾ പാലിക്കാത്ത ഉദ്യോഗസ്ഥരെ പിരിച്ചു വിടും. ആഗ്രഹങ്ങൾക്കനുസരിച്ച് പ്രവർത്തിക്കാനുള്ള അവസരമുണ്ടാകും. സഹോദരങ്ങളുമായി രമ്യതയിലാകുവാൻ വിട്ടുവീഴ്ചാമനോഭാവം സ്വീകരിക്കും. അനാവശ്യ ചിന്തകളും മിഥ്യാധാരണകളും ഒഴിവാക്കണം. ശത്രുതാ മനോഭാവത്തിലായിരുന്നവർ മിത്രങ്ങളായിത്തീരും. സ്വാതന്ത്ര്യത്തിനായി അന്യരെ ഉപദ്രവിക്കുന്നത് 2012 മെയ് മുതൽ വിപരീതമായ്ത്തീരും. വിശ്വസ്തരായ പ്രധാന ഉദ്യോഗസ്ഥരുടെ പിൻബലത്തിൽ ഏറ്റെടുത്ത പദ്ധതി പൂർത്തീകരിക്കുവാൻ സാധിക്കും. ശമ്പളവർദ്ധന മുൻകാലപ്രാബല്ല്യത്തോടുകൂടി ലഭിക്കും. മതപരമായ കാര്യങ്ങളിൽ വിമുഖതയുണ്ടാകും. സംഘനേതൃസ്ഥാനം ഏറ്റെടുക്കും. മാതാപിതാക്കളുടെ ഇഷ്ടമനുസ്സരിച്ച് പ്രവർത്തിക്കുന്നതിനാൽ ആശ്വാസമുണ്ടാകും. വിശ്വസ്ത സേവനത്തിന് പ്രശസ്തി പത്രം ലഭിക്കും. നല്ലകാര്യങ്ങൾക്ക് ജനപിന്തുണ ലഭിക്കും. സജീവ സാന്നിധ്യത്താൽ സർവ്വകാര്യവിജയം ഉണ്ടാകും. സന്താനങ്ങൾക്ക് പലപ്രകാരത്തിലും നിയന്ത്രണം ഏർപ്പെടുത്തും. പുനപരീക്ഷയിൽ ജയം ഉണ്ടാകും. വിദ്യാർത്ഥികൾക്ക് ഉത്സാഹം കുറയും. അശ്രദ്ധകൊണ്ട് വാഹനാപകടവും പണനഷ്ടവുമുണ്ടാകും. സ്വയം ചെയ്തുതീർക്കേണ്ടതായ കാര്യങ്ങൾ അന്യരെ ഏല്പിച്ചാൽ അബദ്ധമാകും. തൃപ്തിയായ വിലയ്ക്ക് പൂർവ്വികസ്വത്ത് വാങ്ങുവാൻ അവസരമുണ്ടാകും. യാത്രാക്ലേശം വർദ്ധിക്കുന്ന വിഭാഗത്തിലേക്ക് ഉദ്യോഗമാറ്റമുണ്ടാകും. ചിന്തയിൽ പുതിയ വ്യാപാര ആശയം ഉദിക്കുമെങ്കിലും വിദഗ്ധ നിർദ്ദേശം തേടണം.

## മകം

2012 പൊതുവേ നല്ല വർഷമാണ്. എല്ലാകാര്യങ്ങളിലും ഗുണമുണ്ടാകും. ഉദ്യോഗത്തിൽ ഉയർച്ചയും സ്ഥാനമാറ്റവും ഉണ്ടാകും. ഈശ്വര കൃപകൊണ്ട് ആഗ്രഹസാഫല്യമുണ്ടാകും. പൊതുപ്രവർത്തനങ്ങൾ പുനരാരംഭിക്കും. വിദേശത്ത് സ്ഥിരതാമസമാക്കാനുള്ള അനുമതി ലഭിക്കും. പാരമ്പര്യവിജ്ഞാനം പിൻതലമുറയിലുള്ളവക്ക് പകർന്നുകൊടുക്കാനിടവരും. സന്താനനിർബന്ധത്താൽ ഗൃഹം വാങ്ങാൻ തയ്യാറാകും. വർഷങ്ങളായി ആഗ്രഹിക്കുന്ന വിദൂര പുണ്യതീർത്ഥ ദേവാലയയാത്ര സഫലമാകും. നിലവിലുള്ള പാഠപദ്ധതി ഉപേക്ഷിച്ച് മറ്റൊരു പാഠപദ്ധതിക്ക് ചേരും. സാമ്പത്തിക സുരക്ഷയ്ക്ക് പ്രാധാന്യം നൽകുന്ന തൊഴിൽമേഖലകളിൽ ഏർപ്പെടും. പണം കൈകാര്യം ചെയ്യുന്നതിൽ വളരെ ശ്രദ്ധയും സൂക്ഷ്മതയും വേണം. അർഹിക്കുന്ന അംഗീകാരം വരും. കുടുംബങ്ങളുടെ ആവശ്യങ്ങൾ പരിഗണിച്ച് തൊഴിൽമേഖലകൾക്ക് മാറ്റങ്ങൾ വരുത്തും. വാഗ്വാദങ്ങളിൽ നിന്നും പിന്മാറുകയാണ് നല്ലത്. വർഷങ്ങൾക്കുശേഷം സഹപാഠികളെ കാണുവാനും ഗതകാല സ്മരണകൾ പങ്കുവെയ്ക്കാനും അവസരമുണ്ടാകും. പുതിയ തലമുറയിലുള്ളവരുടെ അനൈക്യത്താൽ ഗൃഹത്തിൽ നിന്നും മാറിതാമസിക്കുക, പൂർവ്വികസ്വത്ത് ഭാഗം വെയ്ക്കുക, മാതാപിതാക്കളുടെ സംരക്ഷണം ഏറ്റെടുക്കുക തുടങ്ങിയവയിൽ ഏതെങ്കിലും ഒന്നു വേണ്ടി വരും. വ്യാപാര-വിപണന-വ്യവസായ പുരോഗതിയുണ്ടാകുമെങ്കിലും പ്രതീക്ഷിച്ച സാമ്പത്തിക നേട്ടം കുറയും. ഭരണസംവിധാനം വിപുലമാക്കുവാൻ കഴിവുള്ളവരെ നിയമിക്കും ജാമ്യം നിൽക്കരുത്. മധ്യസ്ഥതയ്ക്കു പോകരുത്. സ്വന്തം കഴിവുകുറവുകൊണ്ട് അബദ്ധങ്ങൾ വന്നു ചേരുമെങ്കിലും അന്യരെ കുറ്റം പറയരുത്. ഉപരിപഠനത്തിന് പണം കൊടുത്ത് ചേരേണ്ട സാഹചര്യമുണ്ടാകും. പങ്കാളിയെ ഒഴിവാക്കി സ്ഥാപനം കൈവശമാക്കുവാൻ തയ്യാറാകും. കുടുംബകലഹം രമ്യതയിലെത്തിക്കുവാൻ പ്രവർത്തിക്കും. എല്ലാ മേഖലകളിലും അധികച്ചെലവ് അനുഭവപ്പെടും.

## പൂരം

2012 പൊതുവേ ഗുണവർഷമാണ്. സ്വല്പം പ്രയാസങ്ങളുണ്ടാകും. അധികൃതരുടെ പ്രീതിനിമിത്തം സ്ഥാനക്കയറ്റമുണ്ടാകും. അവിചാരിതമായി പരീക്ഷയിൽ പരാജയം ഉണ്ടാകുമെങ്കിലും പുനപരീക്ഷയിൽ വിജയിക്കും. സമ്പന്ന രാഷ്ട്രത്തിലേക്ക് പുനരധിവാസത്തിന് തയ്യാറാകും. അധികാരപരിധി വർദ്ധിക്കുമെങ്കിലും സാമ്പത്തികനേട്ടം ഉണ്ടാവുകയില്ല പൂർവ്വികർ അനുവർത്തിച്ചു വന്നിരുന്ന ആചാരക്രമങ്ങൾ പിന്തുടരുന്നതിനാൽ ആത്മാഭിമാനം തോന്നും. അർഹതയുള്ള

വരെ അനുമോദിക്കുന്നതിൽ ആത്മസംതൃപ്തിയുണ്ടാകും. ഭൂരിപക്ഷ അഭിപ്രായം മാനിക്കാൻ നിർബന്ധിതനാകും. ഊഹക്കച്ചവടത്തിൽ നഷ്ടമുണ്ടാകും. ക്ഷമാശീലവുംസഹനസക്തിയും വിപരീത സാഹചര്യങ്ങളെ അതിജീവിക്കുന്നതിന് വഴിയൊരുക്കും. പഠിച്ച വിഷയത്തോടനുബന്ധമായ ഉദ്യോഗം ലഭിക്കും. ഗൃഹനിർമ്മാണം പൂർത്തീകരിച്ച് ഗൃഹപ്രവേശനകർമ്മം നിർവ്വഹിക്കും. വ്യത്യസ്തമായ ആശയങ്ങൾക്ക് വിദഗ്ദ നിർദ്ദേശം തേടും. അധികാര -സാമ്പത്തിക ദുരുപയോഗം ചെയ്യുന്ന ജോലിക്കാരെ പിരിച്ചു വിടും. വിശ്വസ്തരിൽ നിന്നും വിപരീത പ്രതികരണങ്ങൾ വന്നുചേരുമെങ്കിലും പ്രതികരിക്കാതിരിക്കുകയാണ് നല്ലത്. പണം കടം കൊടുക്കുന്നതും ജാമ്യം നിൽക്കുന്നതും അബദ്ധമാകും. പരിമിതികൾക്കനുസരിച്ച് ജീവിക്കുന്നത് മനസ്സമാധാനത്തിനു വഴിയൊരുക്കും. നിരവധി കാര്യങ്ങൾ നിശ്ചിത സമയ പരിധിക്കുള്ളിൽ തീർക്കാൻ സാധിക്കും. വിദേശത്ത് വസിക്കുന്നവർക്ക്അവധി ലഭിച്ചതിനാൽ ജന്മനാട്ടിലെ മംഗളസകർമ്മങ്ങളിലും ആരാധനാലയത്തിലെ ഉത്സവഘോഷങ്ങളിലും പങ്കെടുക്കുവാൻ സാധിക്കും. സ്വയംഭരണാധികാരം ലഭിച്ചതിനാൽ ആത്മാർത്ഥമായി പ്രവർത്തിക്കുവാൻ സന്നദ്ധനാകും. ജീവിതപങ്കാളിയുടെ ആവശ്യങ്ങൾ സാധിപ്പിക്കും. സന്താനഭാഗ്യമുണ്ടാകും. വിശ്വസ്തസേവനത്തിന് പ്രശസ്തി പത്രം ലഭിക്കും.

## ഉത്രം

ഗുണദോഷമിശ്രമാണ് 2012. വർഷങ്ങളായി അനുഭവിച്ചു വരുന്ന ദുരിതങ്ങൾക്ക് ആശ്വാസമുണ്ടാകും. നിർത്തിവെച്ച പാഠ്യപദ്ധതികൾ പുനരാരംഭിക്കും. ജീവിതപങ്കാളിക്കു ലഭിക്കുന്ന പൂർവ്വികസ്വത്തിൽ ഗൃഹനിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങും. ചികിത്സ ഫലിക്കും. സന്താനഭാഗ്യമുണ്ടാകും. ചിരകാലാഭിലാഷ പ്രാപ്തിയായ വിദേശയാത്ര ഏപ്രിൽ മാസം മുതൽ സഫലമാകും. എന്നാൽ ആരോഗ്യസംരക്ഷണത്തിന്റെ ഭാഗമായി പ്രക്തിജീവനഔഷധരീതിയും പ്രാണയാമവും യോഗാസനങ്ങളും ശീലിക്കും. ഗവേഷണം പൂർത്തീകരിച്ച് സമർപ്പിക്കുന്ന പദ്ധതിക്ക് അംഗീകാരം ലഭിക്കും. സ്വതസിദ്ധമായ ശൈലി മാതൃകാപരമാക്കുന്നതിൽ ആത്മസംതൃപ്തിയുണ്ടാകും. വാഹന ഉപയോഗത്തിൽ വളരെ ശ്രദ്ധ വേണം. തൊഴിൽമേഖലകളിൽ സമ്മർദ്ദവും യാത്രാക്ലേശവുംവർദ്ധിക്കും. അലസരയായ ജോലിക്കാരെ പിരിച്ചു വിടും. പ്രതികൂല സാഹചര്യങ്ങളെ അതിജീവിക്കുവാൻ പരിശ്രമം വേണ്ടിവരും. ഉദ്യോഗമന്വേഷിച്ചുള്ള വിദേശയാത്ര സഫലമാകും. പരിസരവാസികളുടെ ഉപദ്രവത്താൽ മാറി താമസിക്കുവാനിടവരും. പ്രകൃതിക്ഷോഭത്താൽ ഗൃഹോപകരണങ്ങൾക്ക് കേടുപാടുകൾ വന്നുചേരും. മാതാപിതാക്കളിൽ നിന്നും വേർപെട്ടു താമസിച്ചുള്ള ഉപരിപഠനത്തിനു ചേരും. വിശ്വസ്തരായ ഉദ്യോഗസ്ഥരെ കൂടുതൽ സൂക്ഷിക്കണം. അഗ്നി, ആയുധം, ധനം, വാഹനം തുടങ്ങിയവ ഉപയോഗിക്കുമ്പോൾ കൂടുതൽ സൂക്ഷിക്കണം. മതപരമായ കാര്യങ്ങൾക്ക് വിമുഖത തോന്നും. നവതന്ത്ര ചിന്തകൾ പുതിയ ആശയങ്ങൾക്ക് വഴിയൊരുക്കും. നിയമവിരുദ്ധമായ പ്രവർത്തികളിൽ നിന്ന് പിന്മാറാനുള്ള ആത്മപ്രചോദനം ഭാവിയിലേക്ക് ഗുണകരമാകും. ഗൗരവമുള്ള വിഷയങ്ങൾ അഭിമുഖീകരിക്കേണ്ടി വരും.സുതാര്യതയുള്ള സമീപനം അടിസ്ഥാനരഹിതമായ ആരോപണങ്ങളെ അതിജീവിക്കുന്നതിന് വഴിയൊരുക്കും.

## അത്തം

2012 മെയ് കഴിയുന്നതുവെരെ ദോഷകാലവും പിന്നീട് നല്ലതുമാണ്. നിസ്സാരകാര്യങ്ങൾക്കു പോലും പ്രാരംഭത്തിൽ തടസ്സമനുഭവപ്പെടുമെങ്കിലും മെയ് മുതൽ അനുഭവത്തിൽ വരും. ദമ്പതികൾ ഈ വർഷം തീർച്ചയായും വിട്ടുവീഴ്ചാ മനോഭാവം സ്വീകരിക്കണം. ജീവിതയാഥാർത്ഥ്യങ്ങളെ മനസ്സിലാക്കി പ്രവർത്തിച്ചാൽ അനിഷ്ടഫലങ്ങൾ ഏറെകുറെ തരണം ചെയ്യും. കഷ്ടപ്പാടുകളെ അതിജീവിക്കുവാൻ ലഭിച്ച തൊഴിൽ സ്വീകരിക്കേണ്ടി വരും. അപ്രതീക്ഷിതമായി വിദേശ ഉദ്യോഗം നഷ്ടപ്പെടും. ജന്മനാട്ടിൽ വന്നു ചേരും. സാഹചര്യങ്ങൾക്കനുസരിച്ച് ക്ഷമിക്കാനും സഹിക്കാനും തയ്യാറാകും. അമിതാവേശം നിയന്ത്രിക്കണം. കീഴ്ജീവനക്കാർമേലധികാരിയായി സ്ഥാനമേൽക്കുന്നതിനാൽ ജോലി ഉദ്യോഗം രാജി വെയ്ക്കും. അപൂർണ്ണമായ പദ്ധതികൾ തിരസ്ക്കരിക്കപ്പെടുമെങ്കിലും അനുഭവജ്ഞാനമുള്ളവരുടെ നിർദ്ദേശത്താൽ ചെയ്യുന്നത് അനുഭവത്തിൽ വന്നുചേരും. വാഹനാപകടത്തിൽ നിന്ന് അത്ഭുതകരമായി രക്ഷപെടും. അറിവുള്ള വിഷയങ്ങളാണെങ്കിലും അവതരിപ്പിക്കുവാൻ സാധിക്കുകയില്ല. ഒരു പരിധിയധികം പണം മുടക്കിയുള്ള ഒരു പ്രവർത്തിയും ഈ വർഷമരുത്. സ്വന്തം കാര്യങ്ങൾക്ക് തടസ്സമുണ്ടാകുമെങ്കിലും അന്യരുടെ കാര്യങ്ങൾക്ക് പ്രവർത്തിക്കുന്നത് ശുഭപരിസമാപ്തി കൈവരും. ഉള്ളതുകൊണ്ട് തൃപ്തിപ്പെടുവാൻ തയ്യാറാകുന്നത് അനുകൂല സാഹചര്യങ്ങൾക്ക് വഴിയൊരുക്കും. രക്തദൂഷ്യ-വാത-പ്രമേഹ രോഗങ്ങൾക്ക് വിദഗ്ധ ചികിത്സ വേണ്ടി വരും. ഗർഭമലസുവാനിടയുള്ളതിനാൽ വിശ്രമം വേണ്ടി വരും. വാക്കും പ്രവർത്തിയും ബന്ധമില്ലാത്തതിനാൽ മാതാപിതാക്കളിൽ നിന്നും ശകാരം കേൾക്കാനിടവരും.

## ചിത്തിര

ഈ വർഷം ഗുണദോഷമിശ്രമാണ്. നിലനില്പിനാധാരമായ ഉദ്യോഗത്തിന് നിയമനാനുമതി ലഭിക്കും. ആഗ്രഹസാഫല്യത്താൽ നേർന്ന് കിടപ്പുള്ള വഴിപാടുകൾ തീർക്കും. അർഹമായ പൂർവ്വിക സ്വത്ത് ലഭിക്കുവാൻ നിയമസഹായങ്ങൾ തേടുമെങ്കിലും മേയ്മാസത്തിനുശേഷം ഒത്തുതീർപ്പിലൂടെ അനുകൂല സാഹചര്യമുണ്ടാകും. ഭരണസംവിധാനത്തിലെ ക്രമക്കേടുകൾ പരിഹരിക്കുന്നതിനാൽ സൽക്കീർത്തിയും സജ്ജനപ്രീതിയും ഉണ്ടാകും. അസമയങ്ങളിലുള്ള യാത്ര ഒഴിവാക്കണം. ഈശ്വരാരാധനകളാൽ ആഗ്രഹിക്കുന്ന കാര്യങ്ങൾ എല്ലാം സാധിക്കുമെങ്കിലും സാമ്പത്തികമായി നീക്കിയിരിപ്പു കുറയും. പുതിയ സ്നേഹബന്ധം നല്ല ഉദ്യോഗത്തിന് അവസരമൊരുക്കും. അർദ്ധമനസ്സോടുകൂടി കഴിഞ്ഞ വർഷം തുടങ്ങി വെച്ച പദ്ധതിക്ക് അനുകൂലസാഹചര്യം വരും. ബന്ധുസഹായത്താൽ ഗൃഹനിർമ്മാണം ഏറെക്കുറെ പൂർത്തീകരിച്ച് താമസിച്ചു തുടങ്ങും. പാരമ്പര്യവിജ്ഞാനം പുതിയ തലമുറയിൽ ഉള്ളവർക്ക് പകർന്ന്കൊടുക്കുന്നതിൽ ആശ്വാസമുണ്ടാകും. സന്താനഭാഗ്യത്തിന് യോഗമുണ്ട്. സംയുക്തസംരംഭത്തിൽ നിന്നും നിരുപാധികം പിന്മാറി സ്വന്തമായി വ്യാപാരം തുടങ്ങും. യാഥാർത്ഥ്യങ്ങളോട് പൊരുത്തപ്പെട്ട് ജീവിക്കാനുള്ള സന്നദ്ധത ഭാവിയിലേക്ക് ഉപകാരപ്രദമാകും. സഹകരണ പ്രസ്ഥാനങ്ങൾക്ക് സാരഥ്യം വഹിക്കാനുള്ള സാഹചര്യമുണ്ടാകുമെങ്കിലും സാമ്പത്തിക വിഭാഗത്തിൽ നിന്നു പിന്മാറുകയാണ് നല്ലത്. ഗൃഹത്തിൽ അറ്റകുറ്റ പണികൾക്ക് അധികച്ചെലവ് അനുഭവപ്പെടും. അപരിചിതമായ മേഖലകളിൽ പണം മുടക്കുന്നതിൽ നിന്നും യുക്തിപൂർവ്വം പിന്മാറും. നീതിയുക്തമായ തീരുമാനങ്ങൾ നടപ്പാക്കുന്നതിൽ ആത്മസംതൃപ്തിയുണ്ടാകും.

## ചോതി

ഈ നക്ഷത്രക്കാർക്ക് 2012 മദ്ധ്യം വെരെ ഗുണമാണ്. പിന്നീട് ഗുണം കുറഞ്ഞിരിക്കും. തടസ്സങ്ങൾ മാറാൻ തുടർച്ചയായ പ്രാർത്ഥന ആവശ്യമാണ്. സ്വയം ഭരണാധികാരം ലഭിച്ചതിനാൽ ആത്മാർത്ഥമായി പ്രവർത്തിക്കുവാൻ തയ്യാറാകും. ആഗ്രഹിക്കുന്നതിലുപരിയായി അനുഭവപ്രാപ്തി കൈവരും. ഉദ്യോഗത്തിൽ സ്ഥാനക്കയറ്റം തൊഴിൽമേഖലകളിൽപുരോഗതി, ചർച്ചകളിൽ വിജയം എന്നിവ ഉണ്ടാകും. ഉദ്ദേശിച്ച വിഷയത്തിന് ഉപരിപഠനത്തിന് ചേരുവാൻസാധിക്കും. നിരവധി കാര്യങ്ങൾ നിശ്ചിത സമയപരിധിക്കുള്ളിൽ ചെയ്തുതീർക്കും. നിരാശയെ അതിജീവിക്കാനുള്ള സമീപനം ജീവിത പങ്കാളിയിൽ നിന്നു വന്നു ചേരും. പരീക്ഷണനിരീക്ഷണങ്ങളിൽ വിജയിക്കും. നിർത്തിവെച്ച കർമ്മപദ്ധതികൾ പുനരാരംഭിക്കും. നഷ്ടപ്പെട്ട ഉദ്യോഗം തിരിച്ചു ലഭിക്കും. സദ്ചിന്തകൾ വർദ്ധിക്കും. അവസരങ്ങൾ പരമാവധി പ്രയോജനപ്പെടുത്തും. ആഗ്രഹസാഫല്യത്താൽ ആത്മനിവൃതിയുണ്ടാകും. അഭിപ്രായവ്യത്യാസം പരിഹരിക്കും. കുടുംബാംഗങ്ങളോടൊപ്പം താമസിക്കുവാൻ തക്കവണ്ണം തൊഴിൽ ക്രമീകരിക്കും. സങ്കല്പങ്ങൾ യാഥാർത്ഥ്യമാകും. വാങ്ങുവാനുദ്ദേശിക്കുന്ന ഭൂമിയുടെ രേഖകൾ സൂക്ഷ്മമായി പരിശോധിക്കണം. സുപ്രധാനമായ കാര്യങ്ങൾക്ക് സുവ്യക്തമായ തീരുമാനങ്ങൾ ഉണ്ടാകും. വിദ്യാർത്ഥികൾക്ക് ഉദാസീനമനോഭാവം വർദ്ധിക്കും. സാമ്പത്തിക ക്രയവിക്രയങ്ങളിൽ വളരെ ശ്രദ്ധ വേണം. പരിധിയിലധികം പണം മുടക്കിയുള്ള പ്രവൃത്തിയിൽ നിന്ന് പിന്മാറുകയാണ് നല്ലത്. ഉപഭോക്താവിന്റെ ആവശ്യം പരിഗണിച്ച് ഉല്പന്നങ്ങൾക്ക് ഗുണനിലവാരം വർദ്ധിപ്പിക്കുവാൻ തീരുമാനിക്കും. ഗൃഹനിർമ്മാണം പൂർത്തീകരിച്ച് ഗൃഹപ്രവേശനം നിർവ്വഹിക്കും. പുത്രപൗത്രാദികളോടൊപ്പം വിദേശത്ത് താമസിക്കുവാൻ അവസരമുണ്ടാകും. അടിസ്ഥാനരഹിതമായ ആരോപണങ്ങളെ അതിജീവിക്കും.

# വിശാഖം

പൊതുവേ ഗുണദോഷമിശ്രമാണ് 2012. പുനപരീക്ഷയിൽ വിജയമുണ്ടാകും. ഭൂരിപക്ഷ അഭിപ്രായം മാനിക്കുന്നതിനാൽ ആത്മസംതൃപ്തിയുണ്ടാകും. ഏകാഭിപ്രായത്തോടുകൂടിയ ദമ്പതികളുടെ അപേക്ഷകൾ പരിഗണിക്കപ്പെടും. ഈശ്വരപ്രാർത്ഥനകളാലും സൗമ്യസമീപനത്താലും അപ്രതീക്ഷിത സാഹചര്യങ്ങളെ അതിജീവിക്കുവാൻ സാധിക്കും. യാത്രകൾ ധാരാളം വേണ്ടിവരുന്ന വിഭാഗത്തിന്റെ ചുമതല ഏറ്റെടുക്കേണ്ടി വരും. അതുല്യപ്രതിഭകളുടെ ആശയങ്ങൾ ജീവിതത്തിൽ പകർത്തുവാൻ തയ്യാറാകും. ദുശ്ശീലങ്ങൾ ഉപേക്ഷിച്ച് ആരോഗ്യസംരക്ഷണത്തിന്റെ ഭാഗമായി പ്രകൃതിജീവനഔഷധരീതി അവലംബിക്കും. ബന്ധുക്കളുടെ ഉന്നതിയിൽ ആത്മാർത്ഥമായി അഭിനന്ദിക്കും. പദ്ധതി ആസൂത്രണ വിഭാഗത്തിൽ ഉൾപ്പെട്ടതിനാൽ ആത്മാഭിമാനം തോന്നും. ആവശ്യം അറിഞ്ഞു പ്രവർത്തിക്കുന്ന കീഴ്ജീവനക്കാരന് സാമ്പത്തികസഹായം ചെയ്യും. വിദേശത്ത് സ്ഥിരതാമസമാക്കാനുള്ള അനുമതി ലഭിക്കും. വ്യാപാര-വിപണന-വിതരണ മേഖലകളിൽ പ്രതീക്ഷിച്ചതിലുപരി പുരോഗതിയുണ്ടാകും. പറയുന്ന കാര്യങ്ങൾ ഫലപ്രദമാകുമെങ്കിലും അമിതാവേശം നിയന്ത്രിക്കണം. നറുക്കെടുപ്പിലും സമ്മാനപദ്ധതികളിലും വിജയിക്കും.സാമ്പത്തിക ചിലവുകൾ നിയന്ത്രണത്തിന് നിബന്ധിതനാകും. പ്രതിസന്ധികളിൽ തളരാതെ പ്രവർത്തിക്കാനുള്ള ആത്മവിശ്വാസവും ആർജ്ജവും ഉണ്ടാകും. സുഖലോലുപനായ പുത്രന് വാഹന ഉപയോഗത്തിൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തും. അസാധാരണ വ്യക്തിത്വമുള്ളവരുമായി സൗഹൃദബന്ധത്തിലേർപ്പെടുന്നതിനാൽ പുതിയ തൊഴിൽപരമായ ആശയങ്ങൾ ഉദിക്കും. ബന്ധുക്കളോടൊപ്പം പുണ്യതീർത്ഥ-ദേവാലയ-വിനോദയാത്രകൾക്ക് അവസരമുണ്ടാകും.

# അനിഴം

2012 ഗുണദോഷമിശ്രഫലമാണ്. ഏറ്റെടുത്ത ദൗത്യം നിർവ്വഹിക്കുവാൻ അഹോരാത്രം പ്രവർത്തിക്കും. മേലധികാരി തുടങ്ങിവെച്ച കർമ്മപദ്ധതികൾ കാലോചിതമായ പരിഷ്ക്കാരങ്ങൾ വരുത്തി പിൻതുടരും. ഗൃഹനിർമ്മാണത്തിനുവേണ്ടി കരുതിവെച്ചപണം സന്താനങ്ങൾക്ക് ഉപരിപഠനത്തിന് ഉപകരിക്കും.വിദേശത്ത് വസിക്കുന്നവർക്ക് ആവശ്യമുള്ള സമയത്ത് അവധി ലഭിക്കുകയില്ല. അർദ്ധമനസ്സോടുകൂടി ഭൂരിപക്ഷ അഭിപ്രായത്തെ മാനിച്ചാൽ തൊഴിൽപരമായ അനിശ്ചിതാവസ്ഥകൾ പരിഹരിക്കും. നിലവിലുള്ള ഉദ്യോഗം ഉപേക്ഷിക്കുക, വ്യാപാരവ്യവസായമേഖലകളിൽ ഏർപ്പെടുക തുടങ്ങിയവ മെയ്‌വെരെ പ്രതികൂലസാഹചര്യങ്ങൾക്ക് വഴിയൊരുക്കും. ദാമ്പത്യബന്ധത്തിൽ അകൽച്ചകൾ ഉണ്ടാകാതെ സൂക്ഷിക്കണം. ലഭിക്കുമെന്നുറപ്പിച്ച പദ്ധതികൾ നഷ്ടപ്പെടും. ശാസ്ത്രപരീക്ഷണ നിരീക്ഷണങ്ങൾ ഏപ്രിൽ മാസത്തിനുശേഷമാണ് നല്ലത്. സാമ്പത്തികമായി വഞ്ചനയിൽ അകപ്പെടാതെ സൂക്ഷിക്കണം. പണം കടംകൊടുക്കുന്നതും ജാമ്യം നിൽക്കുന്നതും ഈ വർഷമരുത്. അവിചാരിതമായി വിദേശ ഉദ്യോഗം നഷ്ടപ്പെടും. ചെയ്യാത്ത കുറ്റത്തിന് അപമാനം കേൾക്കുവാനിടവരും. പ്രതികൂല സാഹചര്യങ്ങളെ തരണം ചെയ്യുവാൻ അശ്രാന്ത പരിശ്രമം വേണ്ടിവരും. പ്രലോഭനങ്ങളിൽ അകപ്പെടരുത്. അസൂയാലുക്കളുടെ ഉപദ്രവത്താൽ ദുഷ്ക്കീർത്തി ഉണ്ടാകും. വേണ്ടപ്പെട്ടവരുടെ ഉയർച്ചയിൽ അഭിനന്ദിക്കുവാനിടവരും. വസ്തുനിഷ്ഠമായ കാര്യങ്ങൾക്ക് അനുകൂല സാഹചര്യങ്ങളും സഹകരണവും ഉണ്ടാകും. നഷ്ടസാദ്ധ്യതയുള്ള കരാർ ജോലിയിൽ നിന്നും പിന്മാറുവാനുള്ള പ്രചോദനം ഉണ്ടാകും. സാഹചര്യങ്ങൾക്കനുസരിച്ച് ആത്മനിയന്ത്രണം വേണ്ടി വരും. ദീർഘകാല നിക്ഷേപമെന്ന നിലയിൽ ഭൂമി വാങ്ങുവാനവസരമുണ്ടാകും. വിലപ്പെട്ടസമ്മാനങ്ങൾ വർഷാന്ത്യത്തിൽ ലഭിക്കും.

# തൃക്കേട്ട

2012 ഗുണദോഷമിശ്രത്തിൽ ഗുണാധിക്യമാണ്. വിദ്യാർത്ഥികൾക്ക് വിപരീത സാഹചര്യങ്ങൾ വരുമെങ്കിലും ഈശ്വരപ്രാർത്ഥനകളാൽ അതിജീവിച്ച് മെയ് മുതൽ അനുകൂലഫലങ്ങൾ കണ്ടുതുടങ്ങും. ഉദ്യോഗത്തിൽ സ്ഥാനക്കയറ്റമുണ്ടാകുമെങ്കിലും ദൂരദേശവാസം വേണ്ടിവരും. തൊഴിൽ മേഖലകളിൽ അപ്രതീക്ഷിത സാഹചര്യങ്ങളെ അതിജീവിക്കുവാൻ അശ്രാന്ത പരിശ്രമം വേണ്ടിവരും. ചുമതലബോധമില്ലാത്ത സന്താനങ്ങളുടെ സമീപനത്തിൽ മനോവിഷമം തോന്നും. ഭരണസംവിധാനത്തിലെ അപാകതകൾ പരിഹരിക്കാൻ പ്രവർത്തിക്കും. ദാമ്പത്യബന്ധത്തിൽ അപാകതകൾ ഉണ്ടാവാതിരിക്കുവാൻ വിട്ടുവീഴ്ച വേണ്ടിവരും. ജനസ്വാധീനത്താൽ ആഗ്രഹിക്കുന്ന കാര്യങ്ങൾ സഫലമാകും. സുഖദുഃഖങ്ങൾ ഒരുപോലെ സ്വീകരിക്കാനുള്ള മാനസീകാവസ്ഥവന്നുചേരും. സജീവ സാന്നിധ്യത്താൽ പ്രവർത്തന മേഖലകളിലുള്ള അപാകതകൾ പരിഹരിക്കും. സാങ്കേതിക കാരണങ്ങളാൽ വിദേശയാത്രയ്ക്ക് തടസ്സമുണ്ടാകും. അനുഭവജ്ഞാനത്തോടുകൂടിയ സമീപനം വിപരീത സാഹചര്യങ്ങളെ അതിജീവിക്കുവാൻ ഉപകരിക്കും. ദുസ്സൂചനകൾ ല

ഭിച്ചതിനാൽ കടം കൊടുക്കുന്നത് നിർത്തിവെയ്ക്കും. സംഭവബഹുലമായ വിഷയങ്ങളെ അഭിമുഖീകരിക്കേണ്ടിവരും. വ്യവസ്ഥകൾ പാലിക്കുവാൻ സാധിക്കാത്തതിനാൽ പല അവസരങ്ങളും ആനുകൂല്യങ്ങളും നഷ്ടപ്പെടും. അനാവശ്യമായ ചിന്തകളും പരിഭ്രമങ്ങളും അസുഖങ്ങൾക്കു വഴിയൊരുക്കും. പൂർവ്വികസ്വത്ത് രേഖാപരമായി ലഭിക്കുവാൻ നിയമസഹായം തേടും. ഉപകാരം ചെയ്തുകൊടുത്തവരിൽ നിന്നും വിപരീത പ്രതികരണങ്ങൾ വന്നുചേരും. പ്രലോഭനങ്ങളിൽ അകപ്പെടാതെ സൂക്ഷിക്കണം. റോഡിന് ഭൂമി വിട്ടുകൊടുക്കേണ്ടിവരും.

## മൂലം

2012 ഏറ്റവും നല്ല സമയമാണ്. കാര്യലാഭം, മനഃസുഖം, ദാമ്പത്യസുഖം, കർമ്മാഭിവൃദ്ധി എന്നിവയുണ്ടാകും. ആഗ്രഹിക്കുന്ന കാര്യങ്ങൾ നിഷ്പ്രയാസം സാധിക്കും. സ്വപ്നസാക്ഷാത്ക്കാരത്താൽ ആത്മനിവൃതിയുണ്ടാകും. ആത്മവിശ്വാസം, കാര്യനിർവ്വഹണശക്തി, ഉത്സാഹം, ഉന്മേഷം തുടങ്ങിയവ പ്രതികൂലസാഹചര്യങ്ങളെ അതിജീവിച്ച് അനുകൂലസാഹചര്യങ്ങൾക്ക് വഴിയൊരുക്കും. ഭൂമിവില്പന സഫലമാകും. വിദഗ്ദ നിർദ്ദേശംതേടി ചെയ്യുന്ന കാര്യങ്ങൾ വിജയിക്കും. ഗൃഹനിർമ്മാണം പൂർത്തീകരിച്ച് ഗഹപ്രവേശന കർമ്മം നിർവ്വഹിക്കും. ഉപരിപഠനത്തിന് ഉദ്ദേശിച്ച വിഷയത്തിന് പ്രവേശനം ലഭിക്കും. ഉദ്യോഗത്തിൽ സ്ഥാനകയറ്റവും അനുകൂലമായ സ്ഥാനമാറ്റവും ഉണ്ടാകും. അതുല്യപ്രതിഭകളുടെ ആശയങ്ങൾ ഉൾക്കൊണ്ടു പ്രവർത്തിക്കുന്നതിൽ ആത്മസംതൃപ്തിയും ആത്മാഭിമാനവും സജ്ജനപ്രീതിയും ഉണ്ടാകും. അവസരങ്ങൾ പരമാവധി പ്രയോജനപ്പെടുത്തും. അപ്രതീക്ഷിതമായ വിദേശപര്യടനം പുണ്യതീർത്ഥ-ഉല്ലാസ-വിനോദ-ദേവാലയ യാത്രകൾ തുടങ്ങിയവ ആഹ്ലാദത്തിനു വഴിയൊരുക്കും. സത്യസന്ധവും നീതിയുക്തവുമായ കാര്യങ്ങൾ അനുവർത്തിക്കാൻ തയ്യാറാകും. വ്യാപാര-വിപുണന-വിതരണ മേഖലകളിൽ പ്രതീക്ഷിച്ചതിലുപരി പുരോഗതി ഉണ്ടാകും. ആഹ്ലാദകരമായ ജീവിതം നയിക്കുവാനുള്ള സാഹചര്യം വരും. പുത്രപൗത്രാദിസംരക്ഷണം, അവരോടൊപ്പം മാസങ്ങളോളം വിദേശവാസം തുടങ്ങിയവ ആശ്വാസത്തിനു വഴിയൊരുക്കും. വിജ്ഞാനം ആർജ്ജിക്കുവാനും, മറ്റുള്ളവക്ക് പകർന്നു കൊടുക്കുവാനും അവസരമുണ്ടാകും. അധികാരപരിധി ആത്മവിശ്വാസത്തോടുകൂടി ഏറ്റെടുക്കും. പരീക്ഷണനിരീക്ഷണങ്ങൾ, ഇന്റർവ്യൂ സമ്മാനപദ്ധതികൾ തുടങ്ങിയവയിൽ വിജയിക്കും. സജ്ജനസംസർഗ്ഗത്താൽ സദ്ചിന്തകൾ വർദ്ധിക്കും. പുതിയ ആർഭാടങ്ങൾക്ക് നിയന്ത്രങ്ങൾ ഏർപ്പെടുത്തും.

## പൂരാടം

2012 അനുകൂലമാണ്. വ്യാപാര, വ്യവസായങ്ങളിൽ വിജയിക്കും. കുടുംബത്തിൽ സമാധാനം ഉണ്ടാകും. ആരോഗ്യഗുണമുണ്ടാകും. പഠിച്ച വിഷയത്തോടനുബന്ധമായി ഉപരിപഠനത്തിനു ചേരും. നിർത്തിവെച്ച കർമ്മപദ്ധതികൾ പുനരാരംഭിക്കും. തൃപ്തിയായ വിഭാഗത്തിലേക്ക് ഉദ്യോഗമാറ്റമുണ്ടാകും. ശുഭാപ്തിവിശ്വാസത്തോടു കൂടിയ പ്രവർത്തനങ്ങൾ ലക്ഷ്യപ്രാപ്തിനേടും. കഴിവുള്ളവരെ അംഗീകരിക്കുന്നതിൽ ആത്മസംതൃപ്തിയുണ്ടാകും. തൊഴിൽമേഖലകളിൽ പ്രതീക്ഷിച്ചതിലുപരി പുരോഗതിയും സാമ്പത്തികനേട്ടവും ഉണ്ടാകും. പൊതുപ്രവർത്തനങ്ങളിൽ ജനപിന്തുണ ലഭിക്കും. മാതാപിതാക്കളുടെ ആവശ്യങ്ങൾ തൃപ്തിയോടു കൂടി ചെയ്തു തീർക്കുവാൻ സാധിക്കും. പുതിയ കരാർ ജോലി ഏറ്റെടുത്ത് പൂർത്തീകരിക്കുവാൻ സാധിക്കും. അർഹമായ ആവശ്യങ്ങൾ പരിഗണിക്കപ്പെടും. വൈജ്ഞാനികവിഷയങ്ങളിൽ പുതിയ ആശയങ്ങൾ ഉദിക്കും. അധികൃതരുടെ തൃപ്തിക്കനുസരിച്ച് പദ്ധതി സമർപ്പിക്കുവാൻ സാധിക്കും. അപര്യാപ്തതകളെ അതിജീവിക്കുവാൻ സാധിക്കും. ശാസ്ത്രീയ പ്രായോഗിക വശങ്ങളെ ചിന്തിച്ചു പ്രവർത്തിക്കുന്നതിൽ പിന്തള്ളപ്പെടുന്ന അവസ്ഥയെ അതിജീവിക്കും. അർപ്പണമനോഭാവവും ലക്ഷ്യബോധവും തൊഴിലവസരങ്ങൾക്ക് വഴിയൊരുക്കും. തൊഴിൽ മേഖലകളിൽ ഉള്ള അപാകതകൾ പരിഹരിക്കുവാൻ സാധിക്കും. പാർശ്വഫലങ്ങളുള്ള ഔഷധങ്ങൾ ഉപേക്ഷിക്കും. കടം കൊടുത്ത സംഖ്യ തിരിച്ചു ലഭിക്കും. സന്താനങ്ങൾക്കു നല്ല ഉദ്യോഗം ലഭിച്ചതിനാൽ ആശ്വാസവും ആത്മാഭിമാനവും തോന്നും. അഭിപ്രായവ്യത്യാസം പരിഹരിക്കാൻ വിട്ടുവീഴ്ചകാണിക്കും. നഷ്ടപ്പെട്ട ഉദ്യോഗം തിരിച്ചു ലഭിക്കും. നിർദ്ദേശങ്ങളും ഉപദേശങ്ങളും മറ്റുള്ളവക്ക് പകർന്ന് കൊടുക്കുന്നതിൽ മനസ്സമാധാനം ഉണ്ടാകും. സഹപ്രവർത്തകരുടെ തർക്കങ്ങൾ പരിഹരിക്കുവാൻ സാധിക്കും. സഹജമായ കഴിവുകൾ പ്രകടിപ്പിക്കുവാൻ അവസരമുണ്ടാകും. സൃഷ്ടിപരമായ കാര്യങ്ങൾക്ക് അനുകൂല സാഹചര്യമുണ്ടാകും.

## ഉത്രാടം

2012 ഗുണദോഷമിശ്രമാണ്. കുടുംബത്തിൽ സ്വസ്ഥതയും സമാധാനവും ദാമ്പത്യ സൗഖ്യവും ബന്ധുസഹായവും ഉണ്ടാകും. കാരുണ്യപ്രവർത്തനങ്ങൾക്കു സഹകരിക്കും. പൂർവ്വികസ്വത്ത് രേഖാപരമായി ലഭിക്കും. സഹജമായ കഴിവുകൾ പ്രകടിപ്പിക്കുവാൻ അവസരമുണ്ടാകും. ഔചി ത്യമുള്ള സമീപനം അനുകൂല സാഹചര്യങ്ങൾക്കു വഴി യൊരുക്കും. കുടുംബത്തിലെ അഭിപ്രായവ്യത്യാസം പരിഹ രിക്കും. ആരോഗ്യം തൃപ്തികരമാകും. ചികിത്സ ഫലിക്കും. അധികൃതരുടെ പ്രത്യേക പരിഗണനയിൽ സ്ഥാനക്കയറ്റം ലഭിക്കും. ഗർഭിണികൾക്ക് പൂർണ്ണ വിശ്രമം വേണ്ടി വരും. മത്സരരംഗങ്ങളിൽ തൃപ്തിയോടുകൂടി അവതരിപ്പിക്കുവാൻ സാധിക്കും. അധ്വാനത്തിന് പൂർണ്ണഫലം ലഭിക്കും. നടപടിക്രമങ്ങളിൽ അപാകതകൾ ഉണ്ടാകാതെ സൂക്ഷിക്കണം. വ്യക്തിപ്രഭാവത്തിൽ ദുഷ്കീർത്തി നിഷ്പ്രഭമാകും. സുവ്യക്തമായ തീരുമാനങ്ങൾക്ക് സുഹൃത് നിർദ്ദേശം തേടുന്നത് നല്ലതാണ്. അശ്രദ്ധകൊണ്ട് പണം നഷ്ടപ്പെടും. കുടുംബാഗങ്ങളോടൊപ്പം വിദേശത്ത് സ്ഥിരതാമസത്തിന് അനുമതി ലഭിക്കും. പുണ്യതീർത്ഥദേവാലയ യാത്രയ്ക്ക് അവസരമുണ്ടാകും. ഭൂമി വില്പനയും ഗൃഹം വാങ്ങി താമസവും ഈ വർഷം സഫലമാകും. മാതാപിതാക്കളുടെ ആവശ്യങ്ങൾ നിർവ്വഹിക്കുന്നതിൽ ആത്മാഭിമാനം തോന്നും. യുക്തിപൂർവ്വമുള്ള സമീപനത്താൽ ജീവിതഗതിയെ മാറ്റിമറിക്കുന്ന അനിഷ്ടസംഭവങ്ങളെ അതിജീവിക്കുവാൻ സാധിക്കും. ബന്ധുക്കളുടെ സഹായമുണ്ടാകും. വിജ്ഞാനപ്രദമായ വിഷയങ്ങൾ ആർജിക്കും. ശമ്പളവർദ്ധന മുൻകൂല പ്രാബല്യത്തോടെ ലഭിക്കും. നിഗമനങ്ങൾ ശരിയായതിനാൽ സാമ്പത്തികവിഭാഗത്തിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കും. തൊഴിലുമായി ബന്ധപ്പെട്ട് വിദേശയാത്ര വേണ്ടിവരും. പുണ്യതീർത്ഥയാത്രയ്ക്ക് അവസരമുണ്ടാകും. സങ്കല്പത്തിനനുസരിച്ച് ഉയരാൻ സാഹചര്യമുണ്ടാകും. അഭിപ്രായസ്വാതന്ത്ര്യം പുതിയ തൊഴിലവസരത്തി നും ആശയങ്ങൾക്കും വഴിയൊരുക്കും.

# തിരുവോണം

ഗുണദോഷമിശ്രമായിരിക്കും 2012. ആഗ്രഹിച്ച വിഷയത്തിൽ ഉപരിപഠനത്തിനു ചേരുവാൻ സാധിക്കും. കൂടുതൽ സൗകര്യവും വിസ്തൃതിയുമുള്ള ഗൃഹം വാങ്ങി താമസിക്കും. കുടുംബത്തിൽ സ്വസ്ഥതയും സമാധാനവും ബന്ധുസഹായവും ദാമ്പത്യ സൗഖ്യവും ഉണ്ടാകും. കീഴ്വഴക്കം മാനിച്ച് തൊഴിൽമേഖലകൾ പിന്തുടരുവാൻ തയ്യാറാകും. മാതാപിതാക്കളുടെ ആഗ്രഹമനുസരിച്ച് പ്രവർത്തിക്കുന്നതിനാൽ ആത്മസംതൃപ്തിയുണ്ടാകും. വിശ്വസ്ത സേവനത്തിന് പ്രശസ്തിപത്രം ലഭിക്കും. രൂപകല്പന ചെയ്യുന്ന പദ്ധതികൾ മെയ്മുതൽ പ്രാബല്യത്തിലും അനുഭവത്തിലും വന്നുചേരും. ദീർഘകാല നിക്ഷേപമെന്ന നിലയിൽ ഭൂമി വാങ്ങുവാനിടവരും. വർഷങ്ങൾക്കുശേഷം ജന്മനാട്ടിലെ ആരാധനാലയത്തിൽ പങ്കെടുക്കാനിടവരും. നറുക്കെടുപ്പിലും സമ്മാനപദ്ധതികളിലും വിജയിക്കും. ഗൃഹോപകരണങ്ങളും ആഭരണങ്ങളും മാറ്റി വാങ്ങാനിടവരും. വർദ്ധിച്ചു വരുന്ന ഔദ്യോഗിക ചുമതലകൾ ആത്മവിശ്വാസത്തോടുകൂടി ഏറ്റെടുക്കും. ഗർഭിണികൾ യാത്രയും സാഹസപ്രവർത്തികളും ഒഴിവാക്കണം. പുതിയ സ്നേഹബന്ധം ഉടലെടുക്കുവാനും നിലനിർത്തുവാനും സാഹചര്യമുണ്ടാകും. സന്താനങ്ങൾക്ക് നിയന്ത്രണം ഏർപ്പെടുത്തും.വ്യാപര-വിപണന മേഖലകളിൽ പുനക്രമീകരണം വേണ്ടി വരും. സാഹചര്യങ്ങൾക്കനുസരിച്ച് സ്വയം പര്യാപ്തത ആർജിക്കും. സന്താനങ്ങളുടെ പഠനസൗകര്യത്തിനായി മാറി താമസിക്കും. അറിവുള്ള വിഷയങ്ങളാണെങ്കിലും അവതരിപ്പിക്കാനുള്ള ആത്മവിശ്വാസം കുറയും.

# അവിട്ടം

ഗുണദോഷമിശ്രമാണ് ഈ വർഷം. പ്രവർത്തനമേഖലകളിൽ കഠിനാദ്ധ്വാനത്താൽ മാത്രമേ അനുകൂലഫലം ഉണ്ടാവുകയുള്ളു. വ്യവസായ-വ്യാപാരങ്ങൾ പുനരുദ്ധരിക്കുവാൻ പ്രതീക്ഷിച്ചതിലുപരി പണച്ചെലവ് അനുഭവപ്പെടും. നിലനിൽപ്പിനാധാരമായ ഉദ്യോഗം ലഭിക്കും. വർഷങ്ങൾക്കുശേഷം സഹപാഠികളെ കാണുവാനും ഗതകാലസ്മരണകൾ പങ്കുവെയ്ക്കാനും അവസരമുണ്ടാകും. നിലവിലുള്ള പാഠ്യപദ്ധതി ഉപേക്ഷിച്ച് മറ്റൊന്നിന് ചേരും. കുടുംബാഗങ്ങൾ തമ്മിലുള്ള വാക്തർക്കങ്ങളിൽ നിഷ്പക്ഷ മനോഭാവം സ്വീകരിക്കുകയാണ് നല്ലത്. സ്വന്തം ശ്രദ്ധക്കുറവുകൊണ്ടു വന്നുചേരുന്ന അബദ്ധങ്ങൾക്ക് അന്യരെ കുറ്റം പറയരുത്. ഏറെകുറെ പൂർത്തിയാക്കിയ ഗൃഹം താരതമ്യേന കുറഞ്ഞ വിലയ്ക്ക് വാങ്ങുവാൻ സാധിക്കും. യുക്തിപൂർവ്വമുള്ള ഇടപെടലുകളാൽ മാനഹാനി ഒഴിവാക്കും. ഉന്നതരുമായി കലഹത്തിനു പോകരുത്. വികസനപ്രവർത്തനങ്ങൾക്കു നേതൃത്വം നൽകുവാൻ വിദഗ്ദ നിർദ്ദേശം തേടും. മാസത്തിലൊരിക്കൽ ഗൃഹത്തിൽ വന്നു പോകുവാൻ തക്കവണ്ണം ഉദ്യോഗമാറ്റമുണ്ടാകും. ഉദ്യോഗമന്വേഷിച്ചുള്ള വിദേശയാത്ര വിഫലമാകും. പൗരാണിക സമ്പ്രദായവും ആധുനിക ശൈലിയും സമന്വയിപ്പിച്ച് പുതിയ കർമ്മപദ്ധതികൾക്ക് രൂപകൽപ്പന ചെയ്യും. പുണ്യയാത്രയ്ക്ക് അവസരമുണ്ടാകും. സങ്കല്പങ്ങൾ യാഥാർത്ഥ്യമാകുവാൻ അവസരമുണ്ടാകും. അകാരണമായ ഉൾഭയം, അമിതമായ ആത്മവിശ്വാസം തുടങ്ങിയവ ഒഴിവാക്കണം. അപ്രതീക്ഷിത സാഹചര്യങ്ങളെ അതിജീവിക്കുവാൻ സുഹൃദ്സഹായം തേടും. പകർച്ചവ്യാധി പിടിപെടും. ഗർഭിണികൾക്ക് വിശ്രമം വേണ്ടിവരും. സ്വപ്നത്തിൽ കാണുവാനിടയായ പലതും അനുഭവത്തിൽ വന്നുചേരും. അധികൃതരുടെ ദുസ്സംശയങ്ങൾക്ക് വിശദീകരണം നൽകുന്നതിനാൽ മെയ് മുതൽ സ്ഥാനക്കയറ്റമുണ്ടാകും. പുതിയ ഉദ്യമങ്ങൾക്ക് നേതൃത്വം നൽകും.

# ചതയം

2012 പൊതുവേ ഗുണം അധികവും ദോഷക്കുറവും വരുന്ന വർഷമാണ്. വിദ്യാർത്ഥികൾക്ക് അലസതയും ഉദാസീന മനോഭാവും വർദ്ധിക്കും. പുനപരീക്ഷയിൽ മെയ് മുതൽ വിജയമുണ്ടാകും. അന്യർക്കുവേണ്ടി പ്രവർത്തിക്കുന്നതെല്ലാം അനുകൂലമാകുമെങ്കിലും സ്വന്തം കാര്യങ്ങൾ അബദ്ധമാകും. ആരോഗ്യം കുറയും. സന്താനങ്ങളുടെ പുരോഗതിക്കായി പ്രത്യേക പ്രാർത്ഥന നടത്തും. സർവ്വർക്കും സ്വീകാര്യമായ നിലപാട് അനുകൂലസാഹചര്യങ്ങൾക്കു വഴിയൊരുക്കും. ശമ്പളവർദ്ധനയ്ക്കും ആനുകൂല്യങ്ങൾക്കും നിയമസഹായം തേടും. ഏറ്റെടുത്ത പ്രവർത്തനങ്ങൾ നിശ്ചിതസമയത്തു പൂർത്തിയാക്കാൻ സാധിക്കുകയില്ല. മേലധികാരികളുടെ ആജ്ഞകൾ അനുസരിക്കാൻ നിർബന്ധിതനാകും. യുക്തിക്കുനിരക്കാത്ത പ്രവർത്തനങ്ങളിൽ നിന്ന് പിന്മാറും. ശാസ്ത്രപരീക്ഷണനിരീക്ഷണങ്ങളും പരിധിയിലധികം പണം മുടക്കിയുള്ള പ്രവർത്തികളും 2012 മെയ് മാസത്തിനു ശേഷമാവും നന്നാവുക. ആഴ്ചയിലൊരിക്കൽ ഗൃഹത്തിൽ വന്നുപോകാൻ തക്കവണ്ണം ദൂരത്തേക്ക് ഉദ്യോഗമുണ്ടാകും. യുക്തിയുക്തമായ തീരുമാനങ്ങളും പ്രവർത്തനങ്ങളും പ്രതികൂല സാഹചര്യങ്ങളെ അതിജീവിക്കുന്നതിന് വഴിയൊരുക്കും. മാതാപിതാക്കളുടെ തൃപ്തിക്കനുസരിച്ച് മാറിതാമസിക്കും. ഉദ്യോഗം ഉപേക്ഷിച്ച് മറ്റൊന്നിന് ശ്രമിക്കുന്നത് ഈ വർഷം അഭികാമ്യമല്ല. ക്രിയാത്മകനടപടികളിൽ ആത്മാർത്ഥമായി പ്രവർത്തിക്കുമെങ്കിലും അനുഭവം കുറയും. ജനമധ്യത്തിൽ പരിഗണനന ലഭിക്കും. വിദേശത്ത് സ്ഥിരതാമസമാക്കാനുള്ള അനുമതി ലഭിക്കും. ഭരണത്തിലെ അപാകതകൾ പരിഹരിക്കാൻ പ്രവർത്തിക്കും. ഗുരുതുല്യരിൽ നിന്ന് ആശീർവാദം ഉണ്ടാകും. പാരമ്പര്യപ്രവർത്തികളിൽ ആത്മാർത്ഥമായി പ്രവർത്തിക്കും.

# പൂരുട്ടാതി

ഈ വർഷം ഗുണദോഷമിശ്രത്തിൽ ഗുണാധിക്യമാണ്. അശ്രാന്ത പരിശ്രമത്താൽ ആഗ്രഹിക്കുന്ന കാര്യങ്ങൾ ഏറക്കുറെ സഫലമാകും. വരവും ചെലവും തുല്യമായിരിക്കുന്നതിനാൽ അത്യാവശ്യത്തിന് കടം വാങ്ങേണ്ടി വരും. പാഠ്യപദ്ധതി ഉപേക്ഷിച്ച് ഉദ്യോഗത്തിൽ പ്രവേശിക്കുമെങ്കിലും സ്ഥാനമാനങ്ങൾ ഉണ്ടാവുകയില്ല. തൊഴിൽമേകലകളിൽ സമ്മർദ്ദവും യാത്രാക്ലേശവും വർദ്ധിക്കും. അദൃശ്യമായ പണമിടപാടുകളിൽ നിന്ന് പിന്മാറുകയാണ് നല്ലത്. അടിസ്ഥാനരഹിതമായ ആരോപണങ്ങളെ അതിജീവിക്കുവാൻ സുതാര്യമായുള്ള സമീപനം സഹായമാകും. വിദേശയാത്ര സഫലമാകുമെങ്കിലും 2012 ഏപ്രിൽ മുതൽ മാത്രമേ നല്ല ഉദ്യോഗം ലഭിക്കുകയുള്ളു. വിശിഷ്ടവ്യക്തികളുടെ ആശയങ്ങൾ ജീവിതത്തിൽ പകർത്തുവാൻ തയ്യാറാകും. പ്രത്യേകവിഭാഗം കൈകാര്യം ചെയ്യുന്നതിലുള്ള പരമാധികാരിപദം ലഭിക്കുമെങ്കിലും പലപ്പോഴും രാത്രിയിലും പ്രവർത്തിക്കേണ്ടതായി വരും. പുണ്യകർമ്മങ്ങൾക്ക് സഹകരിക്കും. മാതാപിതാക്കളെ അനുസരിക്കുന്നതിൽ ആത്മാഭിമാനം തോന്നും. പുതിയ വ്യാപാരത്തിന് അനുയോജ്യമായ വർഷമല്ല. ആശ്രിത പ്രവർത്തികൾ ഉപേക്ഷിച്ച് പാരമ്പര്യപ്രവർത്തികൾ തുടങ്ങും. നേന്ന വഴിപാടുകൾ ചെയ്തുതീർക്കും. ശ്രേഷ്ഠമായ കാര്യങ്ങൾക്ക് സജ്ജനപിന്തുണ ലഭിക്കും. ഭക്ഷ്യവിഷബാധ

സൂക്ഷിക്കണം. അഭിപ്രായ സമന്വയത്തിന് സുദീർഘമായ ചർച്ചകൾ വേണ്ടിവരും. സ്വജനവിരോധം വർദ്ധിക്കുമെങ്കിലും പ്രതികരിക്കാതിക്കുകയാണ് നല്ലത്. പ്രവർത്തനങ്ങൾ മറ്റുള്ളവക്ക് ഉപകാരപ്രദമാകുന്നതിനാൽ ആത്മാഭിമാനം തോന്നും. അസുഖമുണ്ടെന്നുള്ള അനാവശ്യ ചിന്തകൾ ഉപേക്ഷിക്കണം.

## ഉത്രട്ടാതി

സമാധാനപരമായി കാര്യങ്ങൾ നടന്നുപോകുന്ന വർഷമാണ്. മംഗളകർമ്മങ്ങൾ നവീനഗൃഹനിർമ്മാണം എന്നിവ നടക്കുന്നതാണ്. ഉദ്ദേശിച്ച വിഷയത്തിൽ ഉപരിപഠനത്തിന് പ്രവേശനം ലഭിക്കും. ഔദ്യോഗികമായി സ്ഥാനക്കയറ്റവും സ്ഥാനമാറ്റവും ഉണ്ടാകും. ആഗ്രഹിക്കുന്ന വിദേശയാത്ര സഫലമാകും. വിദ്യാർത്ഥികൾക്കും ഗവേഷകർക്കും ശാസ്ത്രജ്ഞർക്കും അനുകൂല സാഹചര്യമുണ്ടാകും. തൊഴിൽമേഖലകളിൽ അഭൂതപൂർവ്വമായ വളർച്ചയും സമ്പൽസമൃദ്ധിയും ഉണ്ടാകും. അനുഭവജ്ഞാനമുള്ളവരുടെ ഉപദേശം സ്വീകരിച്ച് വ്യാപാരവ്യവസായങ്ങൾ തുടങ്ങും ആത്മവിശ്വാസത്തോടുകൂടി ഏറ്റെടുക്കുന്ന ഉത്തരവാദിത്വങ്ങൾലക്ഷ്യം നേടും. വാക്കും പ്രവർത്തിയും ഫലപ്രദമാകും. സുപ്രധാനമായ കാര്യങ്ങൾക്ക് സുവ്യക്തമായ തീരുമാനമുണ്ടാകും. കടംകൊടുത്ത സംഖ്യ തിരിച്ച് ലഭിക്കും. ചികിത്സ ഫലിക്കും. കുടുംബത്തിൽ സമാധാനം സംജാതമാകും ഭൂമിവില്പന സഫലമാകും. അർഹമായ പൂർവ്വികസ്വത്ത് രേഖാപരമായി ലഭിക്കും. സമ്പൂർണ്ണസ്വാതന്ത്ര്യത്താൽ ആത്മാർത്ഥമായി പ്രവർത്തിക്കുവാൻ തയ്യാറാകും. വിദേശത്ത് സ്ഥിരം താമസിക്കാനുള്ള അനുമതി ലഭിക്കും. സന്താനഭാഗ്യമുണ്ടാകും. പാരമ്പര്യവിജ്ഞാനം പിൻതലമുറയിലുള്ളവക്ക് പകർന്ന് കൊടുക്കുവാനിടവരും. വിമർശനങ്ങളെ അതിജീവിക്കുവാൻ സാധിക്കും. കുടുംബാഗങ്ങളോടൊപ്പം താമസിക്കുവാൻ തക്കവണ്ണം തൊഴിൽ ക്രമീകരിക്കും. അവസരങ്ങൾ പരമാവധി പ്രയോജനപ്പെടുത്തും. വിദഗ്ദ ചികിത്സകളാൽ രോഗവിമുക്തി കൈവരും. ശ്രമകരമായ പ്രവർത്തനങ്ങൾ ലക്ഷ്യപ്രാപ്തി നേടും. സഹപ്രവർത്തകരുടെ സഹകരണമുണ്ടാകും. പുതിയ സ്നേഹബന്ധം ഉടലെടുക്കും. കക്ഷിരാഷ്ട്രീയപ്രവർത്തനങ്ങളും പൊതുപ്രവർത്തനങ്ങളും വിജയിക്കും. ഉത്സാഹം, ഉന്മേഷം, കാര്യനിർവ്വഹണശക്തി തുടങ്ങിയവ വർദ്ധിക്കുന്നതിനാൽ നിരവധികാര്യങ്ങൾ ഏറ്റെടുത്ത് ലക്ഷ്യപ്രാപ്തിയിലെത്തിക്കുവാൻ സാധിക്കും.

## രേവതി

2012 ദോഷമില്ലാത്ത വർഷമാണ്. ആരോഗ്യം തൃപ്തികരമായിരിക്കും. ചികിത്സ ഫലിക്കും. ആഗ്രഹിക്കുന്ന കാര്യങ്ങൾ നിഷ്പ്രയാസം സാധിക്കും. ഭാവനകൾ യാഥാർത്ഥ്യമാകും. ഉപരിപഠനം പൂർത്തികരിച്ച് തൃപ്തിയായ ഉദ്യോഗത്തിൽ പ്രവേശിക്കും. വ്യാപാര-വ്യവസായ-വിപണന മേഖലകളിലും തൊഴിൽ മേഖലകളിലും പ്രതീക്ഷിച്ചതിലുപരി പുരോഗതി ഉണ്ടാകും. കുടുംബത്തിൽ സ്വസ്ഥതയും സമാധാനവും ദാമ്പത്യസൗഖ്യവും ഉണ്ടാകും. ജീവിതത്തിന് വഴിത്തിരിവുണ്ടാകും. പല ആനുകൂല സാഹചര്യങ്ങളും വരും. പരീക്ഷ, ഇന്റർവ്യൂ, പരീക്ഷണ നിരീക്ഷണങ്ങൾ, കലാകായിക മത്സരങ്ങൾ സമ്മാനപദ്ധതികൾ തുടങ്ങിയവയിൽ വിജയിക്കും. ഉദ്യോഗത്തിൽ സ്ഥാനക്കയറ്റവും സ്ഥാനമാറ്റവും ഉണ്ടാകും. വിദേശത്ത് സ്ഥിരതാമസാനുമതി ലഭിക്കും. ആത്മവിശ്വാസത്തോടു കൂടി പുതിയ ചുമതലകൾ ഏറ്റെടുക്കും. ഭരണസംവിധാനത്തിൽ പുതിയ ആശയങ്ങൾ അവലംബിക്കും. കരാർ ജോലി ഏറ്റെടുത്ത് ലക്ഷ്യത്തിലെത്തിക്കുവാൻ സാധിക്കും. ജീവിതയാഥാർത്ഥ്യങ്ങളെ മനസ്സിലാക്കി പ്രവർത്തിക്കുന്നതിനാൽ അനാവശ്യ ചിന്തകൾ ഒഴിവാകും. സ്വപ്നസാക്ഷാത്ക്കാരത്താൽ ആത്മനിർവൃതിയുണ്ടാകും. ഗഹനമായ വിഷയങ്ങൾ ലളിതമായി അവതരിപ്പിക്കുവാൻ സാധിക്കും. ഔദ്യോഗികമായി വിദേശയാത്ര സഫലമാകും. ഭൂമിക്രയവിക്രയങ്ങളിൽ അനുകൂലസാഹചര്യങ്ങൾ വന്നു ചേരും. ശുഭാപ്തിവിശ്വാസം ആഗ്രഹസാഫല്യത്തിനു വഴിയൊരുക്കും. കുടുംബതർക്കം പരിഹരിക്കുന്നതിനാൽ ആശ്വാസമുണ്ടാകും. ആരോഗ്യസംരക്ഷണത്തിന്റെ ഭാഗമായി ദുശ്ശീലങ്ങൾ ഉപേക്ഷിക്കും. കുടുംബസമേതം പുണ്യയാത്രയ്ക്ക് അവസരമുണ്ടാകും. സത്യസന്ധവും നീതിയുക്തവുമായ സമീപനം സർവ്വകാര്യവിജയങ്ങൾക്കും വഴിയൊരുക്കും.

